പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.2495

09.12.2014-ൽ മറുപടിയ്ക്ക്

**കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ലെ രാസ മാലിന്യങ്ങൾ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് കൈമാറാൻ നീക്കമുണ്ടായിരുന്നോ; ഇതിനായി കണക്കാക്കിയിരുന്ന മതിപ്പ് ചെലവ് എത്രയായിരുന്നു; വ്യവസായ വകുപ്പ് ഈ നീക്കം റദ്ദ് ചെയ്യാൻ കാരണമെന്തായിരുന്നു; | (എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ രാസ മാലിന്യമായ അയൺ ഓക്സൈഡിന്റെ ചെറിയൊരു ഭാഗം കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് 2010 ഒക്ടോബർ മുതൽ 2014 ആഗസ്റ്റ് വരെ നൽകിക്കൊണ്ടിരുന്നു. 2004-ൽ സുപ്രീം കോടതിയുടെ മോണിറ്ററിംഗ് സമിതി സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങളെകുറിച്ച് പരിശോധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മറ്റ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത മേഖലയിൽ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആരംഭിച്ചത്. അപകടകരമായ രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള ഏക സ്ഥാപനമാണിത്.<br><br>കെ.എം.എം.എൽ-ന്റെ ശേഖരത്തിലുള്ള ഏകദേശം 2.5 ലക്ഷം ടൺ അയൺ ഓക്സൈഡിന്റെ ഒരു ചെറിയ അളവായ 9162 ടൺ മാത്രമാണ് ഈ സ്ഥാപനത്തിന് സംസ്കരിക്കാനായി നൽകിയിട്ടുള്ളത്. ഇതിന് ചെലവായ മൊത്തം തുക ഏകദേശം 3 കോടി 16 ലക്ഷം രൂപയാണ്. അയൺ ഓക്സൈഡ് ഇവിടെ ശേഖരിക്കുകയും ഉദ്പ്പാദിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് പരിസര മാലിന്യം ഉണ്ടാകുന്നുണ്ടോ ഉണ്ടെങ്കിൽ അതിന് പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പഠിച്ച് |

നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി National Environment Engg & Research Institute നാഗ്പൂർ -നെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവരുടെ നിർദ്ദേശങ്ങൾ ഏപ്രിൽ 2015-ൽ ലഭിക്കുന്ന മുറയ്ക്ക് ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശ പ്രകാരം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. അയൺ ഓക്സൈഡ് മാലിന്യം നീക്കം ചെയ്യുന്നത് അടുത്ത ഒരു തീരുമാനം ഉണ്ടാകുന്നത് വരെ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** വ്യവസായ വകുപ്പ് റദ്ദ് ചെയ്ത പ്രസ്തുത കരാർ പുന:സ്ഥാപിക്കുന്നതിനായി ഗ്രീൻ ട്രൈബ്യൂണലിൽ കേസ് പുരോഗമിക്കവെ തൊഴിൽ വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം കോടതിക്ക് പുറത്ത് ധാരണയുണ്ടാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു കമ്പനിയുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

**(ബി)** ഗ്രീൻ ട്രബ്യൂണലിൽ കെ.എം.എം.എൽ ന് എതിരായുള്ള കേസിൽ പറഞ്ഞിരിക്കുന്ന പരാതിയിൽ എന്ത് നടപടികൾ കൈക്കൊള്ളണം എന്നതിനെക്കുറിച്ച് ബഹു: തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ വിഷയങ്ങളിൽ ഒന്നുമാത്രമായിരുന്നു കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് സംബന്ധിച്ചുള്ളത്. ഇത് പ്രാബല്യത്തിലുണ്ടായിരുന്ന ധാരണ പ്രകാരമുള്ള മാലിന്യ നീക്കം സംബന്ധിച്ച് മാത്രമാണ്. അത് നിയമപ്രകാരം കെ.എം.എം.എൽ പാലിക്കേണ്ടതായതുകൊണ്ടാണ്ടാണ് ഉൾപ്പെടുത്തിയത്. കൂടാതെ ഗ്രീൻ ട്രിബ്യൂണലിൽ നൽകിയിരിക്കുന്ന കേസിലെ ഒരപേക്ഷകൂടിയാണിത്. കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് നിർത്തിവയ്ക്കാനായി നിർദ്ദേശം നൽകിയതിന്ശേഷം ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശപ്രകാരമല്ലാതെ ഒരു യോഗവും നടത്തിയിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് കമ്പനിക്ക് അധിക ചിലവ് ഉണ്ടാകുന്നുണ്ട്. എന്നാൽ അപകടകരമായ അയൺ ഓക്സൈഡ് മാലിന്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം കൈകാര്യം ചെയ്യേണ്ടത് നിയമപ്രകാരം കമ്പനിയുടെ ഉത്തരവാദിത്തമാണ്.

സെക്ഷൻ ഓഫീസർ